ഉത്തരം

(എ) 62,45,025 രൂപ.

(ബി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) 2 വർക്കുകൾ

(ഡി) സാധന സാമഗ്രികളുടെ ലഭ്യത കുറവുമൂലമാണ് പണികൾ ആരംഭിക്കുവാൻ കാലതാമസമുണ്ടാകുന്നത്. 1-1-2005 മുതൽ സാധന സാമഗ്രികൾ സമയബന്ധിതമായി വാങ്ങുവാനുള്ള അധികാരം അതാത് ഡിസ്ട്രിബ്യൂഷൻ ചീഫ് എഞ്ചിനീയർമാർക്ക് നൽകിയിട്ടുണ്ട്.

(ഇ) സ്വീകരിച്ചു വരുന്നു.

പാത്രക്കടവ് മിനി ജലവൈദ്യുത പദ്ധതി

22 [2639] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാത്രക്കടവ് മിനി ജലവൈദ്യുത പദ്ധതിയുടെ പണി ഏത് ഘട്ടത്തിലായി എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ പണി എന്നത്തേക്ക് പൂർത്തീകരിക്കാനാകും; വിശദമാക്കുമോ?

ഉത്തരം

(എ) പാത്രക്കടവ് ജലവൈദ്യുത പദ്ധതി (70 മെഗാവാട്ട്)-യുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും പദ്ധതിക്കാവശ്യമായ പാരിസ്ഥിതിക ആഘാത പഠനം നടത്തുകയും ചെയ്തിട്ടുണ്ട്. 21-5-2004-ൽ പബ്ലിക്ക് ഹിയറിംഗും നടത്തിയിട്ടുണ്ട്. പദ്ധതിക്ക് കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) കേന്ദ്ര അനുമതി ലഭിച്ചു കഴിഞ്ഞ് പണികൾ ആരംഭിച്ചാൽ 5 വർഷം കൊണ്ട് നിർമ്മാണം പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

സബ് സ്റ്റേഷനുകളുടെ നിർമ്മാണം

23 [2640] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001-02 മുതലുള്ള ഓരോ വർഷവും സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ച വൈദ്യുത സബ്സ്റ്റേഷനുകൾ ഏതെല്ലാം; ഇവയിൽ പൂർണ്ണ തോതിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തവയുണ്ടെങ്കിൽ അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly